# ഗംഗാശുചീകരണത്തിന് എല്ലാവരും ഒന്നിക്കണം: അമ്മ

എം.ഡി.ബാബുരഞ്ജിത്ത്

കരുനാഗപ്പള്ളി: ഭാരതത്തിന്റെ പുണ്യനദിയായ ഗംഗയുടെ പുനരുജ്ജീവനം പ്രധാന മന്ത്രിയുടെ മാത്രം ആവശ്യമല്ലെന്നും എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതാണെന്നും അമ്മയുടെ സന്ദേശം.

ഈ ബൃഹത്തായ പ്രയത്നത്തിൽ പത്രക്കാരും വ്യവസായികളും ഉൾപ്പെടെ എല്ലാ ജനസമൂഹവും അവരവരുടെ കടമ നിർവഹിക്കണമെന്നും ഉദ്ബോധിപ്പിച്ചു. നമാമി ഗംഗാ പദ്ധതിക്ക് നൂറ് കോടി രൂപയുടെ സഹായധനം നൽകിയതിനു ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അമ്മ. ഭാരതത്തിൽ മാത്രമല്ല, യാത്രചെയ്യുന്ന സ്ഥലങ്ങളിൽ മനുഷ്യരാശിക്ക് പ്രയാസമുണ്ടാകുന്ന ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവിടെ അവരുടെ സഹായ ഹസ്തമായി എത്തിച്ചേരാറുണ്ട്. കെനിയയിലും ജപ്പാനിലും ശ്രീലങ്കയിലും അമേരിക്കയിലും എല്ലാം ഇതുകാണാൻ സാധിക്കും. നമാമി ഗംഗ പദ്ധതി ഭാരതത്തിന്റെ അഭിമാന പദ്ധതിയാണെന്നും ഭാരതത്തിലുള്ള ഓരോ വലിയ കമ്പനികളും ഓരോ സംസ്ഥാനത്തും പ്രധാന ജലസ്രോതസ് ശുചീകരിക്കുന്ന പദ്ധതിയെ ഏറ്റെടുത്താൽ നന്നായിരുന്നുവെന്നും ഇത്തരം സേവന പ്രവർത്തനങ്ങൾക്കുള്ള തുക സന്മനസുള്ളവരിൽ നിന്നും ലഭിക്കുന്നതാണെന്നും ചോദ്യത്തിനുത്തരമായി അമ്മ പറഞ്ഞു. ഗ്രാമത്തിൽ ജനിച്ചു വളർന്നതിനാൽ ഭക്ഷണത്തിന്റെയും ശുദ്ധജലത്തിന്റെയും ആശുപത്രികളുടെയും സ്കൂളുകളുടെയും പാർപ്പിടങ്ങളുടെയും ഒക്കെ അഭാവം ശരിക്കറിയാം. ഈ അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ആളുകളിൽ എത്തിക്കുക എന്നുള്ളത് തന്റെ സ്വപ്നമാണെന്നും അമ്മ പറഞ്ഞു.




യോഗത്തിനിടെ അമ്മയുമായി മഠം വൈസ് ചെയർമാൻ സ്വാമി അമൃതസ്വരൂപാനന്ദപുരി സംസാരിക്കുന്നു